**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 359** **06-08-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി വൈദ്യചികിത്സാ പഠന കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എം.വിജിൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ ആദിവാസി സമൂഹം പരമ്പരാഗതമായി ആർജിച്ച വൈദ്യചികിത്സാ സമ്പ്രദായം അന്യം നിന്ന് പോകാതിരിയ്ക്കാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കാമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പ്, കിർത്താഡ്സ് മുഖേന തിരഞ്ഞെടുക്കപ്പെടുന്ന പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്ക് 10,000/- രൂപ വാർഷിക ഗ്രാന്റായി അനുവദിക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 34.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പാരമ്പര്യ വൈദ്യന്മാരുടെ ചികിത്സാരീതികൾ രേഖപ്പെടുത്തി സൂക്ഷിച്ചുവരുന്നുണ്ട്. ദേശീയതലത്തിലും സംസ്ഥാന തലത്തിലും പാരമ്പര്യവൈദ്യന്മാരുടെ ശില്പശാലകളും ചികിത്സാ ക്യാമ്പുകളും സംഘടിപ്പിക്കാറുണ്ട്. വംശീയവൈദ്യം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വംശീയ വൈദ്യ സെന്റർ വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. ഫീൽഡ്തല പരിശോധനയിൽ തെരഞ്ഞെടുക്കപ്പെട്ട വംശീയവൈദ്യന്മാരുടെ പേരു വിവര സൂചിക കിർത്താഡ്സ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗത്തിലെ പുതിയ തലമുറയിൽപ്പെട്ടവർക്കും വിദ്യാഭ്യാസം നേടിയിട്ടുള്ളവർക്കും ആദിവാസി വൈദ്യ ചികിത്സാ സമ്പ്രദായം കൈമാറുന്നതിനും പരിശീലിപ്പിക്കുന്നതിനും പരമ്പരാഗത ആദിവാസി വൈദ്യ പഠന കേന്ദ്രം തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കുമോ; | (ബി) | സംസ്ഥാനതലത്തിൽ പാരമ്പര്യ വൈദ്യ പഠന കേന്ദ്രം സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| (സി) | പരമ്പരാഗത വൈദ്യ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന ഔഷധ സസ്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ഔഷധ സസ്യ കൃഷിയെ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | പരമ്പരാഗത വൈദ്യ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും, ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വാർഷിക ഗ്രാന്റായി മുഖ്യ വൈദ്യൻമാർക്ക് 10,000/- രൂപ വീതം ധനസഹായം കിർത്താഡ്സ് വഴി നടത്തി വരുന്നു. കൂടാതെ പട്ടികവർഗ്ഗക്കാരുടെ കൃഷി പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി നടന്നു വരുന്ന |

| | | | |
|---|---|---|---|
| | | | "ഹരിത രശ്മി" പദ്ധതിയിൽ ഔഷധ സസ്യങ്ങൾ കൃഷി ചെയ്യുന്നതിനും വിപണി കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ